ശുചിത്വ മിഷൻ

स्वच्छ भारत

एक कदम स्वच्छता की ओर

# മൺകല കമ്പോസ്റ്റിംഗ്



**ഏറ്റവും ലളിതവും ചെലവു കുറഞ്ഞതും ശാസ്ത്രീയവുമായ കമ്പോസ്റ്റിംഗ് രീതിയാണ് മൺകലകമ്പോസ്റ്റിംഗ്.**

# ആവശ്യമുള്ള
# സാധനങ്ങൾ

- ഏകദേശം 50 സെ.മീറ്റർ ഉയരവും, മധ്യഭാഗത്ത് 50 സെ.മീ. ചുറ്റളവുള്ളതുമായ 2 മൺകലങ്ങൾ
- മൺകലങ്ങൾ അടച്ചുവയ്ക്കാൻ പാകത്തിലുള്ള 2 അടപ്പുകൾ
- 2 മുക്കാലിസ്റ്റാന്റുകൾ 15 സെ.മീ ഉയരം (ഇവ 15 സെ.മീ. ഉയരത്തിൽ മൺകലങ്ങളെ താങ്ങി നിർത്തുന്നു)
- ലീച്ചേറ്റ് ശേഖരിക്കുന്നതിന് 10 സെ.മീ. ഉയരമുള്ള പാത്രങ്ങൾ 2 എണ്ണം.
- അറക്കപ്പൊടി/ചകിരിച്ചോറ്/ഉണക്കയില

മൺകലങ്ങളുടെ അടിവശത്ത് മധ്യത്തിലായി ഒരു സുഷിരം ഉണ്ടാക്കുക. അടുക്കളഭാഗത്ത് നേരിട്ട് മഴ നനയാത്ത രീതിയിൽ 2 സ്റ്റാന്റുകളിലായി കലങ്ങൾ സ്ഥാപിക്കുക. ആദ്യം ഉപയോഗിക്കുന്ന കലത്തിൽ ഒന്നര ഇഞ്ച് കനത്തിൽ അറക്കപ്പൊടിയോ ചകിരിച്ചോറോ വിതറുക. ശേഷം അടുക്കളയിൽ ഉണ്ടാവുന്ന ആഹാരാവശിഷ്ടങ്ങളും പച്ചക്കറി, മത്സ്യം, മാംസം എന്നിവയുടെ അവശിഷ്ടങ്ങളും അതതു ദിവസം തന്നെ ആദ്യത്തെ കലത്തിൽ നിക്ഷേപിച്ച് അതിനു മുകളിൽ അവ മൂടത്തക്ക രീതിയിൽ അറക്കപ്പൊടി/ചകിരിച്ചോറ്/ഉണക്കയിലകൾ വിതറുക. ഇത് ദിവസവും തുടരുക. ഏകദേശം ഒരു മാസക്കാലം കൊണ്ട് ആദ്യത്തെ കലം നിറയുമ്പോൾ രണ്ടാമത്തെ കലം ഇതേ രീതിയിൽ ഉപയോഗിച്ചു തുടങ്ങുക. രണ്ടാമത്തെ കലം നിറയുമ്പോഴേക്കും ആദ്യത്തെ കലത്തിലെ പാതി തയ്യാറായ കമ്പോസ്റ്റ് ഒരു ചാക്കിലേക്ക് മാറ്റി ഈ കലം വീണ്ടും ഉപയോഗിച്ച് തുടങ്ങുക. ചാക്കിലേക്ക് മാറ്റിയ കമ്പോസ്റ്റ് ഒരു മാസക്കാലം കൂടി സൂക്ഷിച്ച് കമ്പോസ്റ്റിംഗ് പ്രക്രിയ പൂർത്തിയായതിന് ശേഷം കറുത്തപൊടി രൂപത്തിൽ ചെടികൾക്ക് ഉപയോഗിക്കുക.

# ശ്രദ്ധിക്കുക

- കലത്തിന് താഴെ വച്ചിരിക്കുന്ന പാത്രത്തിൽ വീഴുന്ന ഊറൽ ജലം 10 ഇരട്ടി വെള്ളം ചേർത്ത് ചെടികളുടെ ചുവട്ടിൽ ഒഴിക്കാവുന്നതാണ്.
- ആഴ്ചയിൽ ഒരിക്കൽ ഒരു കമ്പുപയോഗിച്ച് കലത്തിലുള്ള മാലിന്യം ഇളക്കി കൊടുക്കുക
- കലത്തിന്റെ മുകൾഭാഗം വരെ മാലിന്യം ഇടാതെ ഏകദേശം മുക്കാൽ ഭാഗം നിറയുമ്പോൾ രണ്ടാമത്തെ കലം ഉപയോഗിച്ച് തുടങ്ങുക.
- ആഴ്ചയിലൊരിക്കൽ ഒരു പിടി മണ്ണ്, കരിയില, ഉണക്കപ്പുല്ല് ഇവിലേതെങ്കിലുമൊക്കെ കലത്തിലേക്ക് ഇടാവുന്നതാണ്.
- രണ്ടാഴ്ചയിലൊരിക്കൽ ഒരു സ്പൂൺ പഴകിയ തൈര്/പാൽ എന്നിവ ഒഴിക്കുന്നത് കമ്പോസ്റ്റിംഗ് പ്രക്രിയ ത്വരിതപ്പെടുത്തും.
- 25 മില്ലി വെളിച്ചണ്ണയിൽ 2 കഷണം കർപ്പൂരം അലിയിച്ച് കലങ്ങളുടെ ചുവട്ടിലും വായ്‌വട്ടത്തിലും തേച്ച് കൊടുക്കുന്നത് പ്രാണിശല്യം ഇല്ലാതാക്കുന്നതിന് സഹായിക്കും.
- അൽപ്പം മുളക് പൊടിയും മഞ്ഞൾപ്പൊടിയും കൂട്ടിച്ചേർത്ത് കലങ്ങളുടെ ചുവട്ടിൽ വിതറുന്നത് ഉറുമ്പ് ശല്യം ഒഴിവാക്കാൻ സഹായിക്കും.




**NB**: കലത്തിനുള്ളിൽ ഈർപ്പം അധികമായാൽ ചെറിയ രീതിയിൽ പുഴുക്കൾ ഉണ്ടാവാനുള്ള സാധ്യതയുണ്ട്. ഇവ അപകട കാരികളല്ല മറിച്ചു കൊമ്പോസ്റ്റിംഗിനെ ത്വരിതപെടുത്തുന്ന സുഹൃത്തുക്കൾ ആണിവ



ലോകത്ത് നിങ്ങൾ
കാണാനാഗ്രഹിക്കുന്ന
മാറ്റങ്ങളുടെ തുടക്കം
നിങ്ങളിൽ നിന്നാകട്ടെ

– മഹാത്മാഗാന്ധി

**മാലിന്യങ്ങൾ ഉറവിടസ്ഥാനത്തു തന്നെ തരംതിരിക്കാം.**




**ജൈവമാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പോസ്റ്റാക്കാം**

**അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്കോ പാഴ്വസ്തു വ്യാപാരിക്കോ കൈമാറാം.**

**മൺകല കമ്പോസ്റ്റിംഗ് സംബന്ധിച്ച വീഡിയോ കാണുന്നതിന് ഈ ലിങ്ക് സന്ദർശിക്കുക:**
https://www.youtube.com/watch?v=ybj0xrfBYT4&feature=youtu.be


Printed & Published by Suchitwa Mission,
Local Self Government Department on behalf of Government of Kerala
Swaraj Bhavan, Base Floor (-1), Nanthancode, Kowdiar PO,
Thiruvananthapuram - 695003

**PHONE** 0471 - 2319831, 2316730
**EMAIL** sanitationkerala@gmail.com
**WEBSITE** www.sanitation.kerala.gov.in
Printed at: KBPS, Kakkanad, Kochi-30.